# MESSAGE TO THE KERALA JAMAAT UL SAHIH AL ISLAM (SPIRITUAL RETREAT IN MATHRA - 24,25 SEPTEMBER 2015)

**(2015 സെപ്തംബർ 24,25 തീയതികളിൽ മാത്ര, നൂറുൽ ഇസ്‌ലാം മസ്ജിദിൽ വച്ച് നടത്തപ്പെടുന്ന ആത്മീയ വിരുന്നിൽ, വായിച്ചു കേൾപ്പിക്കുവാൻ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ആഗോള ആത്മീയ നേതാവ് ഹസ്രത് മുനീർ അഹ്മദ് അസീം അവർകൾ അയച്ചു തന്ന സന്ദേശത്തിന്റെ മലയാള പരിഭാഷ)**

കേരള, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എന്റെ പ്രിയ അമീർ സാഹിബ്, എന്റെ പ്രിയ അനുചരന്മാരെ അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തഹു.

നിങ്ങൾ രണ്ടു ദിവസത്തെ പ്രത്യേക ആത്മീയ വിരുന്ന് ഒരുക്കുന്നു എന്നറിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. തർബിയ്യത്ത്, തബ്‌ലീഗ് പ്രവർത്തനങ്ങളിൽ നിങ്ങൾ പരമാവധി ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്നറിയുന്നതിലും ഞാൻ എന്റെ സന്തോഷം പങ്കു വയ്ക്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങളെ അല്ലാഹു (ത) അനുഗ്രഹിക്കട്ടെ ! ആമീൻ.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സ്ഥാപിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സംബന്ധമായി കൂടുതൽ മനസ്സിലാക്കുവാൻ ഈ ആത്മീയ സംഗമം ഇടയാക്കട്ടെ എന്ന് ഞാൻ അല്ലാഹു (ത) യോട് പ്രാർത്ഥിക്കുന്നു. ഇസ്‌ലാമിന്റെ കൊടി അത്യുന്നതങ്ങളിലേക്ക് ഉയർത്തേണ്ടതുണ്ട്. മറ്റെല്ലാ കൊടികൾക്കുമുപരിയായി. എല്ലാ മനുഷ്യരിലേക്കും വിശുദ്ധ ഖുർ ആനിലെ സന്ദേശം എത്തിക്കേണ്ടതായിട്ടുണ്ട്. കറുത്തവരിലേക്കും വെളുത്തവരിലേക്കും മറ്റെല്ലാ വിഭാഗങ്ങളിലേക്കും

ലോകം അന്ധകാരത്തിൽ തപ്പിതടയുകയാണ്. എല്ലായിടത്തും ഒരപഹർഷതാ ബോധം നിഴലിക്കുകയാണ്. ഭൗതികമായ എല്ലാ സുഖസൗകര്യങ്ങളും ഉണ്ടെങ്കിലും ഓരോ ഹൃത്തിലും അശാന്തിയും അസ്വസ്തതയും വിളയാടുകയാണ്. ഇതിന്റെ കാരണം ജനങ്ങൾ മതത്തെ പാടെ ഉപേക്ഷിച്ചിരിക്കുന്നു; അവർ തങ്ങളുടെ സൃഷ്ടാവുമായുള്ള ബന്ധം വിഛേദിച്ചിരിക്കുന്നു. ഈ വിശാലമായ ലോകത്ത് - ഒരേ ഒരു സമുദായം മാത്രം - അതായത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം മാത്രം - അല്ലാഹുവിന്റെ അനുഗ്രഹത്താൽ തൃപ്തിയാലും സമാധാനത്താലും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നും മാലാഖമാർ അവരിലേക്കിറങ്ങുകയും അവരുടെ ഹൃദയങ്ങളിൽ സമാധാനം കൊണ്ടു വരുകയും ചെയ്യുന്നു. ഇതിന്റെ കാരണം, സർവ്വശക്തനും ജീവിച്ചിരിക്കുന്നവനുമായ ദൈവത്തിൽ അവർ ദൃഢമായി വിശ്വസിക്കുന്നു. അവന്റെ അനുഗ്രഹത്തിന്റെ അടയാളങ്ങൾ അത്യധികമായി അവൻ അവരിൽ പ്രകടമാക്കുന്നു. എല്ലാവിധ അപകടങ്ങളിൽ നിന്നും അവരെ അവൻ സംരക്ഷിക്കുന്നു. അവരുടെ എല്ലാവിധ പ്രയാസങ്ങളിലും അവൻ അവരെ താങ്ങി നിർത്തുന്നു.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഇപ്പോൾ വളരെ വലിയ പരീക്ഷണങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. മൗറീഷ്യസിലെയും, കോമൊറോസിലെയും മറ്റു ലോക രാജ്യങ്ങളിലെയും ഇന്ത്യയിൽ പോലും- ജമാഅത്തു നല്ല നിലയിൽ സ്ഥാപിതമായിരിക്കുന്ന കേരളത്തിലും, പല രീതിയിലുള്ള പ്രയാസങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ദുർ ബല വിശ്വാസമുള്ളവർ, ശത്രുക്കളുടെ സംസാരങ്ങളിൽ വീണു പോകുന്നവർ, ഈ ദൈവീക ദൃഷ്ടാന്തത്തെ - ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ - ഉപേക്ഷിക്കുന്നു. ദൃഢ വിശ്വാസമുള്ള വളരെ കുറച്ച് പേർ മാത്രമാണ് ഈ രാജ്യങ്ങളിൽ ഉറച്ചു നിൽക്കുന്നത്. ഇവരാണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ യഥാർത്ഥ ആളുകൾ. ദുർബലരും, കപട

ന്മാരും വിട്ടകലുന്നുവെങ്കിലും അല്ലാഹു (ത) ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് ആത്മീയതിൽ കുതിപ്പി ക്കുകയാണ് ചെയ്യുന്നത്. ഈ രാജ്യങ്ങളിൽ ആത്മീയ പുരോഗതിയുടെ വളരെ വലിയ ദൃശ്യങ്ങൾ കാണാ വുന്നതാണ്. അൽഹം ദുലില്ലാഹ് !

മറ്റു മുസ്ലീം വിഭാഗങ്ങളിൽ നിന്ന് മോശമായ ഈ പ്രവർത്തനങ്ങൾ എല്ലാം ഉണ്ടെങ്കിലും അഹ്മദി കളും മറ്റു മത വിഭാഗങ്ങളും നമ്മുടെ ഹൃദയങ്ങളിൽ ഒരു തീരാ പകയും സൃഷ്ടിക്കുന്നില്ല. തങ്ങളുടെ സഹ ജീവികളോട് ഒരു ശത്രുതയും പേറുന്നുമില്ല. അല്ലാഹുവിന്റെ അതി മഹത്തായ അനുഗ്രഹത്താൽ നമ്മുടെ ഹൃദയങ്ങളിൽ ശാന്തതയും മുഖകമലങ്ങളിൽ പ്രസന്ന സുസ്മിതങ്ങളും വിടരുന്നു. കാരണം മുൻ കഴിഞ്ഞു കടന്ന പ്രവാചകന്മാരും അനുയായികളും നേരിട്ടതുപോലെയുള്ള, ക്ഷണഭംഗുരമായ ഒരവസ്ഥയാണ് ഇതെന്ന് നാം മനസ്സിലാക്കുന്നു. അല്ലാഹു (ത) അവന്റെ മാലാഖമാരുമായി വരുന്നതും സഹായിക്കുന്നതും ദുഖങ്ങൾ അകറ്റുന്നതുമാണ് എന്ന് നാം ദൃഢമായി മനസ്സിലാക്കുന്നു. ആ ദിനം വിദൂരമല്ല – അതായത് ഒരേയൊരു ദൈവം മാത്രം, ഒരേയൊരു മതം മാത്രം, കിഴക്കും പടിഞ്ഞാറുമുള്ള ജനതകളെല്ലാം ഒരൊറ്റ സമുദായമായി പരിണമി ക്കുന്നതാണ്. **''ഉമ്മത്തെ വാഹിദ''** ഇൻശാ അല്ലാഹ് ! ആമീൻ

പരീക്ഷണ ഘട്ടത്തിൽ നാം സംതൃപ്തരും സന്തോഷഭരിതരുമാകുന്നു. എന്നാൽ അല്ലാഹു (ത) എന്നെ അറിയിച്ചിരിക്കുന്നു. **'' വിഷമിക്കരുത്! സന്തോഷവാനായിരിക്കുക! സന്തോഷത്താൽ കുതിച്ചു ചാടുക! കാരണം അല്ലാഹു (ത) നിന്നോടൊപ്പമുണ്ട്''**

അല്ലാഹു (ത) എന്നോടൊപ്പമുണ്ട് എന്നു പറയുമ്പോൾ അതിന്റെ അർത്ഥം അല്ലാഹു (ത) എന്റെ ആത്മാർത്ഥ അനുയായികളോടൊപ്പമുണ്ട് എന്നാണർത്ഥം പ്രയാസാവസരങ്ങളിൽ, നാം വികാരങ്ങളടക്കി, അസ്വസ്ഥമാകാതിരുന്ന്, വളരെ സന്തോഷപൂർവ്വം വിനീതമായ ത്യാഗ സമർപ്പണത്തിന് തയ്യാറാകുക. ആയതി നാൽ, കേരളത്തിലെ എന്റെ പ്രിയ അനുചരന്മാരെ, നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ സഹനത കൈക്കൊണ്ടാൽ, മാലാഖമാർ ഇറങ്ങി വന്ന് നിങ്ങളെ പഠിപ്പിക്കുന്നതാണ്. സ്വർഗ്ഗീയാനന്ദം നിങ്ങളിൽ ഇറ ങ്ങുന്നതാണ്. റൂഹുൽ ഖുദ്സിലൂടെ നിങ്ങൾക്ക് പരിശുദ്ധ ചൈതന്യം ലഭിക്കുന്നതാണ്. നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളെ അല്ലാഹു സഹായിക്കുന്നതാണ്. നിങ്ങളുടെ മേൽ മറ്റാരും മേൽക്കൈ നേടു കയില്ല. ആയതിനാൽ ദൈവീകനുഗ്രഹത്തിനായി ക്ഷമാപൂർവ്വം കാത്തിരിക്കുക. നിങ്ങളെ തെറി വിളിക്കു മ്പോൾ, നിങ്ങൾ നിങ്ങളുടെ നാവുകൾ നിയന്ത്രിക്കുക, ക്ഷമ കൈക്കൊള്ളുക, നിങ്ങളോട് മോശമായി പെരു മാറുമ്പോൾ, സഹനത കൈക്കൊള്ളുക. കഴിയുന്നതും പ്രതികാര നടപടികൾ വേണ്ടെന്ന് വയ്ക്കുക. അങ്ങ നെയായാൽ സ്വർഗ്ഗത്തിൽ നിങ്ങളെ ദൈവത്തിന്റെ ഇഷ്ട ഭാജനങ്ങളായി കണക്കാക്കുന്നതാണ്. ഓർക്കുക. അല്ലാഹുവിനെ ഭയപ്പെടുന്നവർ, അവന്റെ അതൃപ്തിയിൽ ഹൃദയം വെന്തുരുകുന്നവർ, അവരെയാണ് അല്ലാഹു സ്നേഹിക്കുന്നത്.

അല്ലാഹു (ത) എണ്ണമറ്റ അനുഗ്രഹങ്ങൾ നമ്മുടെ മേൽ ചൊരിയുകയാണ്. ഈ അനുഗ്രഹങ്ങളെ നിലനിർത്തുവാൻ, വരും തലമുറകളിൽ ഇത് നിലനിൽക്കുവാൻ, നിലനിർത്തുവാൻ, നമ്മിൽ അനിവാര്യമാ ണ്, അത് യുവാവാകട്ടെ, വൃദ്ധനാകട്ടെ, പുരുഷനാകട്ടെ സ്ത്രീയാകട്ടെ, അവർ എല്ലാവിധ ഭവ്യതയോടെയും അല്ലാഹുവിന്റെ മുമ്പിൽ ശിരസ്സ് നമിക്കുകയും അവരുടെ പാപമോചനത്തിന് അർത്ഥിക്കുകയും ചെയ്തു കൊണ്ടിരിക്കുകയും ദൈവസ്മരണയിലൂടെയും പ്രാർത്ഥനയിലൂടെയും നമ്മുടെ ആത്മാക്കളെ ശുദ്ധീക രിച്ചു കൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്.

എന്റെ പ്രിയ അനുചരന്മാരെ ! നിങ്ങളുടെ ഇപ്പോഴത്തെ പ്രധാന ഉത്തരവാദിത്വം പ്രാർത്ഥനയാണ്, ദൈവസ്മരണയാണ്, വിശുദ്ധ ഖുർ ആൻ അർത്ഥ സഹിതം നാം നൽകിയ വിശദീകരണം വായിച്ചു മനസ്സി ലാക്കുക എന്നതാണ്.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കുന്നതിന് ഒരു വിമുഖതയും കാണിക്കരുത് ! അതെ! നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കുമ്പോൾ, നിങ്ങൾ ഒരിക്കലും ധനമില്ലാത്തവരായി തീരുമെന്ന് കരുതരുത്! അല്ലെങ്കിൽ ഇപ്പോഴത്തേതിനെക്കാൾ താഴ്ന്ന അവസ്ഥയിലായി തീരുമെന്നും ധരി

ക്കരുത്. നിങ്ങൾ മനസ്സിലാക്കണം അല്ലാഹു (ത) നിങ്ങളെ പല രീതിയിൽ പരീക്ഷിക്കുന്നതാണ് ! നിങ്ങളുടെ ഉദ്ദേശമെന്താണെന്ന് അവൻ പരീക്ഷിക്കും ! നിങ്ങളുടെ ആത്മീയ ഉത്തരവാദിത്വങ്ങൾ അവനോട് ഏതു നിലയിലുള്ള ഹൃദയത്തോടെയാണ് നിങ്ങൾ നിറവേറ്റിയത് എന്നും പരിശോധിക്കുന്നതാണ്. ജമാഅത്തിന്റെ ആവശ്യത്തിലേക്ക് ചെലവഴിക്കുന്നതിന് ഒരു മടിയും കാണിക്കരുത് ! കാരണം ഇത് അല്ലാഹുവിന്റെ ജമാഅത്താണ് ! നമുക്ക് ഒരുപാട് ജോലികൾ ചെയ്തു തീർക്കാനുണ്ട്! നഷ്ടപ്പെട്ടുപോയ ഒരുപാട് ആത്മാക്കളെ യഥാർത്ഥ ഇസ്ലാമിലേക്ക് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലേക്ക് കൊണ്ടു വരേണ്ടതുണ്ട്. അവന്റെ മാപ്പിനായി അപേക്ഷിക്കുക. നിങ്ങളുടെ സമയം പ്രാർത്ഥനകൾക്കായി ചിലവഴിക്കുക. പ്രാർത്ഥനകൾ നിങ്ങളുടെ ഹൃദയങ്ങളെ ആർദ്രതയുള്ളതാക്കി തീർക്കുന്നു. അത് നിങ്ങളെ അല്ലാഹുവിന്റെ വാതിൽക്കൽ ഒരു യാചകനാക്കി മാറ്റുന്നു. അല്ലാഹു (ത) ഒരിക്കലും നിങ്ങളെ വെറും കയ്യോടെ വിടുകയില്ല! പൂർണ്ണ വിശ്വാസത്തോടെയും ആത്മാർത്ഥതയോടെയുമാണ് നിങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ നിൽക്കുന്നതെങ്കിൽ!

ആയതിനാൽ നിങ്ങൾ നിങ്ങളുടെ സമയം പ്രാർത്ഥനകൾക്കായി ചിലവഴിക്കുക! അല്ലാഹുവിനെ മാത്രം ആരാധിക്കുക! നിങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കുക! പരിപൂർണ്ണമായും നിങ്ങൾ **"സഹീഹ്"** ആയി തീരേണ്ടതുണ്ട്! അങ്ങനെയായാൽ അല്ലാഹു (ത) വാഗ്ദാനം ചെയ്ത സഹായം സ്വീകരിക്കുവാൻ നിങ്ങൾ പ്രാപ്തരായി തീരുന്നതാണ്. ആയതിനാൽ എല്ലാവിധ അസൂയയിൽ നിന്നും, ഉൾപകയിൽ നിന്നും, പുറകിൽ കുത്തിൽനിന്നും, ദുരഭിമാനത്തിൽ നിന്നും, ധിക്കാരത്തിൽ നിന്നും, ദുഷ്ചെയ്തികളിൽ നിന്നും അകന്നു നിൽക്കുക! പ്രത്യക്ഷമായും പരോക്ഷമായും ഈ പ്രവർത്തികൾ ഒന്നും ചെയ്യരുത് ! നിങ്ങൾ നിഷ്ക്രിയത്വത്തിന്റെയും ഭിന്നിപ്പിന്റെയും ഇരകളായി തീരരുത് ! എപ്പോഴും ഒരുമിച്ച് നിൽക്കുക! നിങ്ങളുടെ ഹൃദയങ്ങൾ വെളിവാക്കുന്നതും മറച്ചു വയ്ക്കുന്നതും അല്ലാഹു അറിയുന്നു. യഥാർത്ഥ വിശ്വാസികളുടെ ഹൃദയങ്ങൾ ഇരു ലോകത്തിലെയും അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഖജനാവായിരിക്കും. ഒരു വ്യവസ്ഥ, നിങ്ങൾ അല്ലാഹുവിന്റേതായിരിക്കണം! അവന്റെ ദൂതന്റേതായിരിക്കണം ! നിങ്ങളുടെ വിശ്വാസ സഹോദരന്മാരുടേതായിരിക്കണം! സന്തോഷവസരത്തിലും സന്താപാവസരത്തിലും നിങ്ങളിൽ നിന്നുള്ള സ്നേഹവും, പിന്താങ്ങലും, അനുമോദനവും, ആശ്ലേഷവും ഉണ്ടാകണം. അല്ലാഹു (ത) നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ! നിങ്ങളിൽ എല്ലാവരിലും അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങൾ ചൊരിയട്ടെ! ആമീൻ! അല്ലാഹുമ്മ ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

**Munir Ahmad Azim**
**Rasullullah / Khalifathullah**
**Jamaat Ul Sahih Al Islam**

*****************